തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദു കുട്ടി) :

(എ) "കേരള ഇൻഫർമേഷൻ നെറ്റ്വർക്ക് ഫോർ ലോക്കൽ ബോഡീസ് " എന്ന പ്രോജക്റ്റിന് രൂപം നൽകിയിട്ടുണ്ട്.

(ബി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ നിർവഹണ കാര്യങ്ങൾ മോണിട്ടുചെയ്യുകയെന്നതാണ് പ്രോജക്റ്റിന്റെ ലക്ഷ്യം. ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെയും രണ്ടു ജീവനക്കാർക്ക് വീതം തുടക്കത്തിൽ കംപ്യൂട്ടർ ഉപയോഗിക്കുന്നതിന് പരിശീലനം നൽകുക, ആസൂത്രണ നിർവഹണ വിവരണങ്ങൾ കംപ്യൂട്ടറിൽ രേഖപ്പെടുത്തുക, എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളെയും സംസ്ഥാന സർക്കാരുമായി ബന്ധിപ്പിക്കുക, ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുക എന്നിവയാണ് പ്രോജക്ടിന്റെ പ്രധാന ലക്ഷ്യങ്ങൾ.

(സി) ഉണ്ട്. 1998-99 വർഷത്തേയ്ക്ക് 10 കോടി രൂപ ലഭിച്ചിരുന്നു. 1999-2000 വർഷത്തേയ്ക്ക് 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (503) വ്യവസായ വികസനത്തിന് വിവര സാങ്കേതിക വിദ്യയ്ക്കുള്ള പ്രാധാന്യം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ :
ശ്രീ. എം. ദാസൻ :
ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വികസനത്തിനായി വിവര സാങ്കേതിക വിദ്യയ്ക്ക് അനുകൂലമായ സാഹചര്യമുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) വിവര സാങ്കേതികവിദ്യയിൽ പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത വ്യവസായ യൂണിറ്റുകൾ എന്ന് പ്രവർത്തനം ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തിനായി എന്തു തുക മുതൽമുടക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് അറിയിക്കുമോ;

(ഇ) ടെക്നോപാർക്കിൽ ആരംഭിക്കുന്ന വിവര സാങ്കേതിക വ്യവസായ യൂണിറ്റിലെ തൊഴിൽസാദ്ധ്യത സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ തുടക്കത്തിൽ എത്രപേർക്ക് തൊഴിൽ ലഭിക്കുമെന്ന് പറയാമോ;

(എഫ്) വിവരസാങ്കേതിക വ്യവസായ യൂണിറ്റിന്റെ പ്രവർത്തനത്തിനായി വിദേശ കമ്പനികളുടെ സാമ്പത്തിക സഹായം പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം വിദേശരാജ്യങ്ങളുടേയും കമ്പനികളുടേയും സഹായമാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കരുതുന്നുണ്ട്. ഇൻഫർമേഷൻ ടെക്നോളജി സ്കൂൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ട്.

(ബി) സർക്കാർ തലത്തിൽ വിവരസാങ്കേതികവിദ്യയിൽ പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടില്ല.

(സി)&(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ടെക്നോപാർക്കിൽ അടുത്ത മൂന്നു വർഷങ്ങൾക്കുള്ളിൽ നൂറോളം പുതിയ വ്യവസായങ്ങൾ സ്ഥാപിക്കാനും, ഇതുമൂലം അയ്യായിരത്തോളം പേർക്ക് തൊഴിൽ നൽകാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സ്വകാര്യമേഖലയിലാവും ഈ വ്യവസായങ്ങൾ

(എഫ്) ടെക്നോപാർക്കിൽ അമേരിക്ക, സ്വീഡൻ, ജർമ്മനി, മറ്റു യൂറോപ്യൻ രാജ്യങ്ങൾ, ഇംഗ്ലണ്ട്, ഗൾഫ് രാജ്യങ്ങൾ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുമുള്ള കമ്പനികളുടെ മൂലധന നിക്ഷേപം പ്രതീക്ഷിക്കുന്നുണ്ട്.

2 (504) വ്യവസായമേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ബി. വിജയകുമാർ :
ശ്രീമതി ശോഭനാജോർജ് :
പ്രൊഫസർ സാവിത്രി ലക്ഷ്മണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിയുടെ നിരക്കു വർദ്ധനമൂലം സംസ്ഥാനത്തെ പല വ്യവസായങ്ങളും പ്രതിസന്ധി നേരിടുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം വ്യവസായ മേഖലയിലെ തൊഴിലവസരങ്ങൾ നഷ്ടമായിക്കൊണ്ടിരിക്കുന്നതായി അറിവുണ്ടോ;

(സി) നിരക്കു വർദ്ധനമൂലം പ്രതിസന്ധിയിലായ വ്യവസായമേഖലയെ സഹായിക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;

(ഡി) കേരളത്തിൽ മുതൽമുടക്കാൻ താൽപ്പര്യപ്പെട്ട വിദേശ സംരംഭകർ നിരക്കു വർദ്ധനമൂലം അതിൽ നിന്നും പിൻവാങ്ങാൻ ആലോചിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഇ) വൈദ്യുതി നിരക്ക് വർദ്ധനമൂലം വ്യവസായ മേഖലയ്ക്കുണ്ടായ തകർച്ചയുടെ വ്യാപ്തിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(എഫ്) വ്യവസായ മേഖലയെ രക്ഷിക്കാനുതകുന്ന വൈദ്യുതി ചാർജ്ജ് സബ്സിഡി ഉൾപ്പെടെയുള്ള അടിയന്തിര ആശ്വാസ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വൈദ്യുതി നിരക്ക് വർദ്ധനമൂലം ഉൽപ്പാദനച്ചെലവിൽ വർദ്ധനയുണ്ടാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly